# പായം ഗ്രാമപഞ്ചായത്ത്

# കുടുംബശ്രീ സി ഡി എസ്

## കോവിഡ് കാലത്തെ

## സി ഡി എസ്

## പ്രവർത്തനങ്ങൾ

## പായം ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സി ഡി എസ്

**കണ്ണൂർ** ജില്ലയിലെ ഇരിട്ടി താലൂക്കിൽ ഇരിട്ടി ബ്ലോക്കിലാണ് പായം ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. പായം, വിളമന എന്നീ വില്ലേജുകളിലായി 18 വാർഡുകളിൽ വ്യാപിച്ചു കിടക്കുന്ന പായം ഗ്രാമപഞ്ചായത്തിന് 31.21 ച. കി. മി. വിസ്തീർണ്ണമുണ്ട്. ഈ പഞ്ചായത്തിന്റെ അതിരുകൾ വടക്ക് ഭാഗത്ത് കർണ്ണാടക സംസ്ഥാനവും കിഴക്ക് ഭാഗത്ത് അയ്യൻകുന്ന് പഞ്ചായത്തും തെക്ക് ഭാഗത്ത് കീഴൂർ ചാവശ്ശേരിയും പടിഞ്ഞാറ് ഭാഗത്ത് പടിയൂർ കല്ല്യാട്, ഉളിക്കൽ പഞ്ചായത്തുകളുമാണ്. കണ്ണൂർ ജില്ലയുടെ വടക്കു കിഴക്കായി കർണ്ണാടക സംസ്ഥാനത്തോട് ചേർന്ന് കിടക്കുന്ന ഹരിത സമൃദ്ധമായ ഒരു ഭൂപ്രദേശമാണ് പായം. കർണ്ണാടക സംസ്ഥാനത്തിലെ കുടകുമലകൾക്ക് ചുവട്ടിലായാണ് ഈ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. 'പയദി ' എന്ന ചെന്തമിഴ് പദത്തിന് ഉപദ്വീപ് എന്നാണർത്ഥം. വടക്ക് കിഴക്ക് ഭാഗത്തുനിന്നുള്ള സഹ്യപർവ്വതത്തിൽ നിന്നും ഒഴുകിവരുന്ന വാരാപ്പുഴയും, തെക്കുകിഴക്ക് ഭാഗത്തെ വയനാടൻ മലകളിൽ നിന്നെത്തുന്ന ബാവലിപ്പുഴയും എല്ലാം ചേർന്ന് പായം പഞ്ചായത്തിന് ഒരു ഉപദ്വീപിന്റെ രൂപം കൊടുക്കുകയും അതുകൊണ്ട് തന്നെ പയദി എന്ന് പഴയ കാലത്ത് അറിയപ്പെട്ടിരുന്ന ഈ പ്രദേശം പിൽകാലത്ത് 'പയം' എന്നും കാലാന്തരത്തിൽ പായം എന്നുമായി . ഇവിടുത്തെ കാരണവൻമാരുടെയും ചരിത്ര ഗവേഷകഷൻമാരുടെയും ഈ വാദം വളരെ പ്രസക്തമാണെന്ന് കരുതാം. വില്യം ലോഗന്റെ മലബാർ മാന്വൽ ഇതിന് അടിവരയിടുന്നു. എന്നാൽ അതിനും എത്രയോ മുമ്പു തന്നെ തിരുവള്ളൂർ തിരുക്കുറികളിലൂടെ ഇക്കാര്യം പരാമർശിച്ചു എന്നറിയുമ്പോൾ പായത്തിന്റെ സാംസ്കാരിക പഴമയിൽ ഇവിടെയുള്ളവർ എങ്ങിനെ അഭിമാനം കൊള്ളാതിരിക്കും. ജന്മിത്തത്തിനെതിരായുള്ള കർഷക കലാപത്തിന്റെ മുൻനിരയിൽ നിന്ന കല്ലോറത്ത് സഹോദരൻമാരുടെ ജന്മനാടാണിത്. 1960 കളിൽ ആരംഭിച്ച കർഷക കുടിയേറ്റങ്ങളും ക്രിസ്ത്യൻ മിഷണറിമാരുടെ പ്രവർത്തന ഫലമായുണ്ടായ വിദ്യാഭ്യാസ പുരോഗതിയും ഈ നാടിന്റെ സാംസ്കാരികാഭിവൃദ്ധിയിൽ കാര്യമായ പങ്കുവഹിച്ചിട്ടുണ്ട്.

ചലനാത്മകമായ ഒരു സംഘടനാ സംവിധാനത്തിന് മാത്രമെ നവീകരിക്കാനും വെല്ലുവിളികൾ ഏറ്റെടുത്ത് മുന്നോട്ട് പോകുവാനം സാധിക്കൂ എന്ന തിരിച്ചറിവിലൂടെയാണ് 20 വർഷങ്ങൾക്കുമുമ്പ് (802/2002 എന്ന രജിസ്റ്റർ നമ്പറിൽ) പായം പഞ്ചായത്തിലെ ദരിദ്രരായ ഗ്രാമീണ സ്ത്രീകളെ സംഘടിപ്പിച്ചുകൊണ്ട് കുടുംബശ്രീ എന്ന ബൃഹത്ത് പദ്ധതിക്ക് തുടക്കം കുറിച്ചത്. സഹകരണത്തിലൂടെയും പങ്കാളിത്തത്തിലൂടെയും സാമൂഹ്യാദിഷ്ടിതമായി ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയെന്ന സുപ്രധാന ഉദ്ദേശമായിരുന്നു ഇതിനു പിന്നിൽ. അശരണരായ ഒരുകൂട്ടം സ്ത്രീകൾക്ക് താങ്ങും തണലുമായി പായം പഞ്ചായത്തിലെ കുടുംബശ്രീ സി ഡി എസ് നിലകൊണ്ടു. അവരെ സ്വപ്നം കാണാനും ആ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാൻ അവർക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും അവസരങ്ങൾ ഒരുക്കി കൊടുക്കാനും അവരുടെ കുടുംബങ്ങളിൽ സാമ്പത്തിക ഭദ്രതയുണ്ടാക്കാൻ സഹായിക്കുന്നതിനും ഇതിനോടകം കഴിഞ്ഞിട്ടുണ്ട്.

സാമ്പത്തിക കെട്ടുറപ്പ് വരുത്തുന്നതിനാരംഭിച്ച കുടുംബശ്രീ സി ഡി എസ് സംവിധാനത്തിന് പായം ഗ്രാമപഞ്ചായത്ത് നൽകിവരുന്ന അകമഴിഞ്ഞ പിന്തുണ വിലമതിക്കാനാവാത്തതാണ്. സ്ത്രീകളിലൂടെ കുടുംബങ്ങളിലേക്ക് കുടുംബങ്ങളിലുടെ സമൂഹത്തിലേക്ക് എന്ന ലളിതമായ തത്വത്തിലധിഷ്ഠിതമായി ജനാധിപത്യ മൂല്യങ്ങൾ ഒട്ടും കൈവിടാതെ സമത്വപൂർണ്ണമായൊരു സാമൂഹ്യ വ്യവസ്ഥിതി സംജാതമാകുന്നതിൽ ഇന്ന് ഒരു പരിധി വരെ സി ഡി എസിന് വിജയം കൈവരിക്കുന്നതിനായി എന്നു തന്നെ പറയാം. നിലവിൽ 232 അയൽകൂട്ടങ്ങളിലായി 4514 വനിതകൾ ഈ സംഘടനാ സംവിധാനത്തിന് കീഴിൽ അണിചേർന്നിരിക്കുന്നു.

## *കോവിഡ് കാലത്ത് സി ഡി എസിന്റെ നേതൃത്വത്തിൽ ചെയ്ത പ്രവർത്തനങ്ങൾ*

1. **വാട്സ്ആപ്പ് ഗ്രൂപ്പുകളുടെ പ്രവർത്തനം**

കോവിഡിന് മുൻപെ സി ഡി എസിന്റെ കീഴിൽ ചെയർപേഴ്സൺ, അക്കൗണ്ടന്റ്, സി ഡി എസ് മെമ്പർമാർ, ബ്ലോക്ക് കോർഡിനേറ്റർമാർ എന്നിവരടങ്ങുന്ന ഒറ്റ ഗ്രൂപ്പുമാത്രമാണ് ഉണ്ടായിരുന്നത്. എന്നാൽ നമ്മുടെ സംസ്ഥാനം നേരിടുന്ന ഈ ഗുരുതരമായ അവസ്ഥയെ മറികടക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും പരിഹാരങ്ങളും അതിവേഗത്തിൽ താഴെത്തട്ടിൽ എത്തിക്കുന്നതിന് കുടുംബശ്രീ ശൃംഖല ഉപയോഗിക്കുക എന്നത് സർക്കാരിന്റെ ലക്ഷ്യമായി മാറിയിരിക്കുന്നത് മനസ്സിലാക്കിയ ചെയർപേഴ്സൺ തന്റെ സി ഡി എസിൽ 18 എ ഡി എസിലും അതുപോലെ 50% ത്തിൽ കൂടുതൽ അയൽകൂട്ടങ്ങളിലും വാട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരിക്കുകയും വിവരങ്ങൾ അതത് സമയം കൈമാറുകയും ചെയ്തു.

2. **കമ്മ്യൂണിറ്റി കിച്ചൺ**

ലോക്ക് ഡൗൺ ആരംഭിച്ച് 3 ദിവസങ്ങൾക്ക് ശേഷം (26/03/2020 മുതൽ) "ആരെയും പട്ടിണികിടക്കാൻ അനുവദിക്കില്ല" എന്ന സർക്കാർ പ്രഖ്യാപിത ലക്ഷ്യം നിറവേറ്റുന്നതിനായി ഒറ്റപ്പെട്ട് കഴിയുന്നവർക്കും രോഗബാധിതരും പാകംര ചെയ്ത ഭക്ഷണം കഴിക്കാൻ ബുദ്ധിമുട്ടുള്ളവർക്കും ഭക്ഷണമെത്തിച്ചു നൽകുക എന്ന ഉദ്യേശത്തോടെ കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി നടപ്പിലാക്കി വരുന്നു. ദിനംപ്രതി ഏകദേശം 100 ഓളം ഭക്ഷണം ഇതുവഴി വിതരണം ചെയ്യുന്നു.



### 3. കമ്മ്യൂണിറ്റി കിച്ചണിലേക്കുള്ള സാധനങ്ങളുടെ ശേഖരണം

ഓരോ വാർഡുകളിൽ നിന്നും ദിവസേന സ്പോൺസർഷിപ്പിലൂടെയും മറ്റും അരിയും പച്ചക്കറിയും കുടുംബശ്രീ അംഗങ്ങൾ കണ്ടെത്തി കമ്യൂണിറ്റി കിച്ചണിലെത്തിക്കുന്നു. കൂടാതെ സി ഡി എസിൽ രജിസ്റ്റർ ചെയ്ത ജെ എൽ ജി സംരഭക യൂണിറ്റുകളും അവരുടെ ഉൽപന്നങ്ങൾ കമ്യൂണിറ്റി കിച്ചണിലേക്ക് നൽകി മാതൃക കാണിച്ചു.



### 4. മാസ്ക് നിർമ്മാണം

പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ട് തൊഴിലുറപ്പ് തൊഴിലാളികൾക്കാവശ്യമായ മാസ്ക് നിർമ്മിച്ചു നൽകുന്ന ചുമതല കുടുംബശ്രീ സി ഡി എസിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന 5 സംരഭക യൂണിറ്റുകളെയാണ് ചെയർപേഴ്സൺ ഏൽപ്പിച്ചത്. അത് ഭംഗിയായി അവർ നിറവേറ്റുകയും ചെയ്തു. ഏകദേശം 5000 ത്തോളം മാസ്ക് നിർമ്മിച്ച് പാവപ്പെട്ട കുടുംബശ്രീ സംരഭകർക്ക് വരുമാനമാർഗ്ഗമുണ്ടാക്കാൻ കഴിഞ്ഞു.






**5. തുണി സഞ്ചി നിർമ്മാണം, കിറ്റ് പാക്കിംഗ്, കിറ്റ് വിതരണം**

സിവിൽ സപ്ലൈസ് വകുപ്പുമായി സംയോജിപ്പിച്ചുകൊണ്ട് കോവിഡ് കാലത്ത് പൊതുജനങ്ങൾക്ക് നൽകി വരുന്ന കിറ്റ് പാക്കിംഗിനാവശ്യമായ തുണിസഞ്ചി നിർമ്മാണം കുടുംബശ്രീ സംരഭക യൂണിറ്റുകൾ തന്നെ തയ്ക്കുകയും അത് സമീപ സപ്ലൈകോ ഔട്ട്ലെറ്റിലെത്തിച്ചുകൊണ്ട് പാക്കിംഗ് നടത്തുകയും ചെയ്തത് സി ഡി എസിലെ കുടുംബശ്രീ വനിതകളാണ്. കൂടാതെ ഒറ്റപ്പെട്ട് കഴിയുന്നവർക്കും, ആശ്രയ ഗുണഭോക്താക്കൾക്കും, രോഗബാധിതർക്കും, വയോജനങ്ങൾക്കും കിറ്റ് എത്തിച്ചുകൊടുക്കുന്ന പ്രവർത്തനവും കുടുംബശ്രീ ഏറ്റെടുത്ത് നല്ലരീതിയിൽ നടത്തി.



**6. റേഷൻ വിതരണം**

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാർ നൽകിയ സ്പെഷ്യൽ അരിയുടെ വിതരണം പായം പഞ്ചായത്തിൽ ഏറ്റെടുത്ത് നടത്തിയതും കുടുംബശ്രീ പ്രവർത്തകരാണ്.



7. <u>ശുചീകരണം</u>

ആരോഗ്യവകുപ്പുമായി കൈകോർത്തുകൊണ്ട് പായം പഞ്ചായത്തിലെ 18 വാർഡുകളിലും കുടുംബശ്രീ പ്രവർത്തകരുടെ നേതൃത്വത്തിൽ മഴക്കാലപൂർവ്വ ശുചീകരണം നടത്തി.




8. <u>സമൂഹ അടുക്കളയിലൂടെ ബിരിയാണി വിളമ്പി ലാഭം CMDRF ലേക്ക് നൽകി.</u>

സമൂഹ അടുക്കളയിൽ ഒരുദിവസം സി ഡി എസിലെ മുഴുവൻ കുടുംബശ്രീ പ്രവർത്തകരും അണിനിരന്നുകൊണ്ട് 100 രൂപ നിരക്കിൽ ബിരിയാണി പാർസൽ തയ്യാറാക്കി. പഞ്ചായത്തിലുടനീളം സ്വീകരിച്ച ഓർഡറുകൾ അനുസരിച്ച് വളണ്ടിയർമാർ പാർസൽ വിതരണം നടത്തി.



## 9. കരനെൽകൃഷി

272 ഏക്കറിൽ തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്നുകൊണ്ട് കരനെൽകൃഷി ചെയ്ത് പായം കുടുംബശ്രീ സി ഡി എസ് മറ്റുള്ള സി ഡി എസുകൾക്ക് മാതൃകയായി.




## 10. പരിസ്ഥിതി സംരക്ഷണം

പരിസ്ഥിതി ദിനത്തിൽ നടുന്നതിന് പായം പഞ്ചായത്തിലെ കുടുംബശ്രീ അംഗങ്ങൾ ഒരുലക്ഷം വൃക്ഷതൈ പാകി ഉൽപാദിപ്പിച്ച് സർക്കാരിന് നൽകുന്നതിനുള്ള ഒരുക്കം തുടങ്ങി.



## *കോവിഡിന്റെ കാലത്ത് കുടുംബശ്രീ ഭാവി പ്രവർത്തനങ്ങൾ എങ്ങനെയാവണം*

പായം പഞ്ചായത്തിലെ ഭൂരിഭാഗം പേരും ഉപജീവനം കണ്ടെത്തുന്നത് കൃഷിയിലൂടെ ആയതിനാൽ കാർഷിക മേഖലയിൽ എന്തൊക്കെ കാര്യങ്ങൾ ചെയ്യാം എന്നാണ് താഴെപറയുന്നത്.

1. തീറ്റപ്പുൽകൃഷിയും കന്നുകാലിപരിപാലനവും
2. മത്സ്യകുഞ്ഞുങ്ങൾ നൽകി അവയുടെ പരിപാലനം
3. കോഴി വളർത്തലും മുട്ട വിപണനത്തിന്റെ സാധ്യതകൾ പരിശോധിക്കലും
4. മുല്യവർദ്ധിത ഉൽപന്നങ്ങളുടെ നിർമ്മാണവും വിതരണവും
5. ആഴ്ച ചന്തകൾക്കും ഞാറ്റുവേല ചന്തകൾക്കും ഓരോ വാർഡിലും നടത്താനുള്ള പ്രോത്സാഹനം നൽകുക.
6. പച്ചക്കറികൃഷി, കരനെൽകൃഷി എന്നിവയിലേക്കുള്ള മടക്കം അനിവാര്യം.

**<u>സംരഭ മേഖല</u>**

1. വിവിധതരം മാസ്ക് നിർമ്മാണത്തിനാവശ്യമായ പ്രോത്സാഹനം നൽകുക.
2. പ്രാദേശിക ഉൽപന്നങ്ങൾ കുടിൽ വ്യവസായങ്ങൾ എന്നിവയിലൂടെ ഉണ്ടാക്കുന്ന ഉൽപന്നങ്ങൾ നിർമ്മാണവും വിതരണവും.

**<u>സംഘടന</u>**

1. മീറ്റിംങുകൾ ഇനി മുതൽ ഓൺലൈൻ ആയി നടത്താനുള്ള സംവിധാനങ്ങൾ ഒരുക്കുക.
2. ഓൺലൈൻ മത്സരങ്ങളും പരിപാടികളും പ്രോത്സാഹിപ്പിക്കുക.

*സ്നേഹപൂർവ്വം*

**ഷജിനി കെ പി**

**ചെയർപേഴ്സൺ**

**ഫോ: 9496554678**

**സിമിയ ബാബു**

**ബ്ലോക്ക് കോർഡിനേറ്റർ**

**ഫോ: 8301090394**